## പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3137 13/10/2011-ൽ മറുപടിയ്ക്ക്

### ശുദ്ധജല മത്സ്യങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
| --- | --- |
| (എ)<br>ശുദ്ധജല മത്സ്യങ്ങളിൽ പലതും വംശ നാശ ഭീഷണി നേരിടുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (എ)<br>ഉണ്ട് |
| (ബി)<br>ഇതു സംബന്ധിച്ച എന്തെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; | (ബി)<br>ഇതു സംബന്ധിച്ച് 'അസസ്സ്മെന്റ് ആന്റ് പ്രിപ്പറേഷൻ ഓഫ് ബിബ്ളിയോഗ്രഫി ഓഫ് എൻഡേഞ്ചേർഡ് ആന്റ് എൻഡമിക് സ്പീഷീസ് ഇൻ റിവേഴ്സ് ആന്റ് റിസർവോയർ സിസ്റ്റംസ് ഓഫ് കേരള വിത്ത് സ്പെഷ്യൽ റഫറൻസ് ടു ദി വെസ്റ്റേൺ ഘാട്ട്' എന്ന പ്രോജക്ടിലൂടെ 'ഫിർമ' പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 135 ഇനം മത്സ്യ ങ്ങളെ കുറിച്ച് പഠനം നടത്തിയതിൽ 10 ഇനം മത്സ്യങ്ങൾ വംശനാശത്തിന്റെ വക്കിലാണ്, 25 ഇനങ്ങളോളം വംശ നാശം സംഭവിച്ചു. 15 ഇനം മത്സ്യങ്ങൾ വംശനാശ ഭീഷണി നേരിടുന്നവയാണ്. കാരി, വരാൽ, മഹ്സീർ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. |
| (സി)<br>വംശനാശ ഭീഷണി നേരിടുന്ന ശുദ്ധ ജല മത്സ്യങ്ങളുടെ വളർച്ചയ്ക്കും പോഷണത്തിനും സംരക്ഷണത്തിനു മായി സ്വീകരിക്കുന്ന നടപടി വ്യക്തമാ ക്കാമോ ? | (സി)<br>വംശനാശ ഭീഷണി നേരിടുന്ന ശുദ്ധജല മത്സ്യങ്ങളുടെ വളർച്ചയ്ക്കും പോഷണ ത്തിനും സംരക്ഷണത്തിനുമായി 'മത്സ്യസങ്കേതങ്ങൾ' എന്നൊരു പ്രോജക്ട് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) മുഖേന നടപ്പിലാക്കി വരുന്നു. ഇത് പ്രകാരം കണ്ണൂർ ജില്ലയിൽ ഇരിട്ടി പുഴയിലും എറണാകുളം ജില്ലയിൽ കീഴ്മാട് പഞ്ചായത്തിലും മത്സ്യ സങ്കേതങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു |

സെക്ഷൻ ഓഫീസർ